## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1397</u> <u>11.08.2017 ൽ മറുപടിയ്ക്ക്</u>

## <u>പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) കേരളം പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

എ) കേരളത്തെ പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയിലെത്തിക്കുന്നതിനായി കൃഷി വകുപ്പ് പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2017-18 വർഷം പച്ചക്കറി വികസന പദ്ധതിക്കായി 85 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് ടി പദ്ധതിയിൽ വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സഹനത്തിനായി വിദ്യാർത്ഥികൾ, കൃഷിക്കാർ എന്നിവർക്കായി 40 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യും. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകൾ വീട്ടുവളപ്പിലെ കൃഷിക്കായി വിതരണം ചെയ്യുന്നു. മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 37000 ഗ്രോബാഗ് യൂണിറ്റുകൾ നൽകുകയും. ഗ്രോബാഗുകളോടൊപ്പം കമ്പോസ്റ്റ് യൂണിറ്റുകൾ, സൂക്ഷമ ജലസേചന/തിരിനന ജലസേചനത്തിനും സഹായം നൽകുന്നു. മുൻ കൃഷിയ്ക്കായി നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ധനസഹായം നൽകുന്നു. മാധ്യമങ്ങൾ വഴി വീട്ടുവളപ്പിലെ കൃഷിക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നു. മുരിങ്ങ, കറിവേപ്പില, ശീമചക്ക, അഗത്തി എന്നീ വൃക്ഷതൈകളുടെ കിറ്റ് വിതരണം, നഗര പ്രദേശങ്ങളിലെ പച്ചക്കറി കൃഷിക്കായി കണികാ ജലസേചനം

പ്രോത്സാഹിപ്പിക്കുന്ന പദ്ധതി. നഗരങ്ങളിലെ പച്ചക്കറി കൃഷിക്കായി മിനി പോളീഹൗസ് പ്രോത്സാഹനം എന്നിവ 2017-18 ൽ നടപ്പിലാക്കുന്നുണ്ട്.

കൂടാതെ പച്ചക്കറികളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്ന കൃത്യതാ കൃഷിയ്ക്ക് ധനസഹായം നൽകൽ, ഗുണമേന്മയുള്ള 90 ലക്ഷം പച്ചക്കറിതൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യൽ, വിള ഇൻഷുറൻസ് പദ്ധതി, കർഷകർക്കായുള്ള ഇൻഷുറൻസ് പദ്ധതി തുടങ്ങിയവ വി.എഫ്. പി.സി.കെ വഴി നടപ്പിലാക്കി വരുന്നു

ബി) വീട്ടുകളിൽ പച്ചക്കറി നടാൻ സഹായം നൽകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

ബി) വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിൻ കീഴിൽ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും വിതരണം ചെയ്തു കഴിഞ്ഞു. 45.45 ലക്ഷം പച്ചക്കറി തൈകൾ എന്നിവയുടെ വിതരണം നടന്നു വരുന്നു. പച്ചക്കറി വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ. യാണ് നൽകുന്നത്. ഇതിലേയ്ക്കായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളുടെ വിതരണം നടന്നു വരുന്നു. ഇതിനായി 170 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം പുരോഗമിച്ചു വരുന്നു. ഇതിനു വേണ്ടി 555 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ, മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. ഇതിലേക്കായി 150 ലക്ഷം രൂപയും വകയിരുത്തിയിക്കുന്നു.

ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി ഓണക്കാലത്തും അതു കഴിഞ്ഞും ഓരോ വീട്ടുകളിലും സ്വന്തമായി കൃഷി ചെയ്തെടുത്ത

| | | | |
|---|---|---|---|
| | | | പച്ചക്കറി ഉപയോഗിക്കുവാൻ കഴിയും. വി.എഫ്.പി.സി.കെ., ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയ എല്ലാവരുടെയും സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നഗരവാസികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി വി.എഫ്.പി.സി.കെ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| സി) | സംസ്ഥാനത്ത് കൃഷി വകുപ്പ് ഭൂമി ഏറ്റെടുത്ത്, ഉന്നത നിലവാരമുള്ള പച്ചക്കറി കൃഷി നടത്തുവാൻ പദ്ധതി തയ്യാറാക്കുമോ; | സി) | പരിഗണനയിലില്ല. |
| ഡി) | ഓരോ മേഖലയിലും പച്ചക്കറി കൃഷി സംഘങ്ങൾ രൂപീകരിച്ച് ഇത് നടപ്പാക്കാൻ സാധിക്കുമോ; വിവരിക്കുമോ? | ഡി) | പച്ചക്കറി കൃഷി ചെയ്യുന്നതിനായി 14 ജില്ലകളിലായി നിലവിൽ 800 പച്ചക്കറി ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. 2017-18 വർഷം 200 ക്ലസ്റ്ററുകൾ കൂടി പുതുതായി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**